(ബി) ഒരാധാരത്തിൽ ഉൾപ്പെട്ട് വരുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ടി ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്, 1908-ലെ രജിസ്ട്രേഷൻ നിയമം പ്രകാരം അധികാരമില്ല എന്നും ന്യായവില നിശ്ചയിക്കപ്പെടാത്ത ഭൂമി ഉൾപ്പെട്ട് വരുന്ന ആധാരങ്ങളിൽ മേൽ ഭൂമിയുടെ മൂല്യമായോ പ്രതിഫല സംഖ്യയായോ ആധാരങ്ങളിൽ കാണിച്ചിട്ടുള്ള തുകയെ അടിസ്ഥാനമാക്കി സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കേണ്ടതാണെന്നും ന്യായവില നിശ്ചയിക്കപ്പെട്ടിട്ടില്ല. 6-5-2010-ലെ 7085/ ഇ2/10/നി.വ. നമ്പർ സർക്കാർ കത്ത്പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട് എന്ന കാരണത്താൽ വസ്തുവിന്റെ കൈമാറ്റം നിലച്ചിരിക്കുന്നതായ സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല.

(സി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി

223 (1693) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ കുറവുമൂലം ജനങ്ങൾക്ക് പ്രയാസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസിൽ അടിയന്തരമായി ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിൽ അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ശബരിമല സീസണിൽ കണമല അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

224 (1694) ശ്രീ കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം ശബരിമല സീസണിൽ ഉണ്ടായ കണമല അപകടത്തിൽപ്പെട്ട് മരണമടഞ്ഞവർക്ക് നൽകിയ നഷ്ടപരിഹാരത്തുകയിൽ ദേവസ്വം ബോർഡിന്റെ വിഹിതം എത്രയാണ് ;

(ബി) സംസ്ഥാന സർക്കാർ എത്ര തുക നൽകിയിട്ടുണ്ട് ;

(സി) മരണമടഞ്ഞവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം പൂർണ്ണമായി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly